പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1859 14/08/2017-ൽ മറുപടിക്ക്

## എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | എ) | ഉണ്ട്. |
| ബി) | വിവിധ വകുപ്പുകളുമായി സഹകരിച്ച് എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) | കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആരോഗ്യ വകുപ്പുമായി സഹകരിച്ച്. സ്ത്രീ ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാരായ പുരുഷന്മാർ. മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ. ഇതര സംസ്ഥാന തൊഴിലാളികൾ, ഭിന്നലിംഗക്കാർ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ തുടങ്ങിയ എച്ച്.ഐ.വി പിടിപെടാൻ സാധ്യതയുള്ള അപകടകരമായ ലൈംഗിക ശീലമുള്ളവർക്ക് ലൈംഗിക രോഗ ചികിത്സയും ത്രൈമാസ ലൈംഗീകാരോഗ്യ പരിശോധനകളും നടത്തിവരുന്നു. കൂടാതെ ദേശീയ ആരോഗ്യദൗത്യവുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ എച്ച്.ഐ.വി/എയ്ഡ്സും മറ്റ് സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണവും ആരോഗ്യ പരിശോധന ക്യാമ്പുകളും നടത്തിവരുന്നു.<br>ഇതുകൂടാതെ, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം, തൊഴിൽ, വ്യവസായം, വിനോദസഞ്ചാരം, പോലീസ് വകുപ്പുകളുമായി സഹകരിച്ച് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തിവരുന്ന എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അതത് വകുപ്പുകളിലെ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വിവിധ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | എച്ച്.ഐ.വി. ബാധിതരായ വ്യക്തികൾക്ക് ആന്റി റിട്രോവൈറൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | സംസ്ഥാനത്തെ എച്ച്.ഐ.വി ബാധിതരായ വ്യക്തികൾക്ക് ആന്റി റിട്രോവൈറൽ ട്രീറ്റ്മെന്റ് സെന്ററുകൾ (ART) വഴി, സൗജന്യമായി, ആന്റി റിട്രോവൈറൽ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |
| ഡി) | എച്ച്.ഐ.വി./എയ്ഡ്സ്, സന്നദ്ധ രക്തദാനം എന്നിവ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ, കോളേജുകൾ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ക്ലാസുകളും ദിനാചരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ടോ; | ഡി) | ഉണ്ട് |
| ഇ) | റേഷൻ കാർഡിലെ വരുമാന പരിധി, എ.പി.എൽ/ബി.പി.എൽ വിഭാഗം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാതെ എച്ച്.ഐ.വി. അണുബാധിതരെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഇ) | ഉണ്ട്. 05/08/2016-ലെ സ.ഉ.(സാധാ) നം. 972/2016/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.ഐ.വി അണുബാധിതരെ റേഷൻ കാർഡിന്റെ വരുമാനപരിധി, എ.പി.എൽ/ബി.പി.എൽ വിഭാഗം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാതെ എച്ച്.ഐ.വി അണുബാധിതർ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 5479 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ